# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1182 03.12.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ എൻജിനീയർമാർക്ക് പരിശീലനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പൊതുമരാമത്ത് വകുപ്പിലെ എൻജിനീയർമാർക്ക് ആധുനിക പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | എ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ സാങ്കേതിക മികവ് മെച്ചപ്പെടുത്തുന്നതിനു വേണ്ടി വിവിധ പരിശീലന പരിപാടികളും ശില്പശാലകളും നടത്തിവരുന്നു. നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പരിശീലന പരിപാടികളും, ശില്പശാലകളും നടത്തി വരുന്നുണ്ട്.<br><br>ഓരോ വർഷത്തെയും പരിശീലന പരിപാടികൾ 3 മേഖലകളിലായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കെട്ടിടവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തി വരുന്നു. എഞ്ചിനീയർമാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പല നവീന വിഷയങ്ങളും ഈ പരിശീലനപരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. പുതുതായി പ്രസിദ്ധീകരിച്ച ക്വാളിറ്റി കൺട്രോൾ മാന്വലിനെക്കുറിച്ചുള്ള പരിശീലനം എല്ലാ ജില്ലകളിലുമുള്ള എഞ്ചിനീയർമാർക്ക് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നുണ്ട്. നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിലും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഈ പരിശീലന പരിപാടി ഏറെ ഗുണം ചെയ്യും.<br><br>ഇതു കൂടാതെ തിരുവനന്തപുരത്തെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സാങ്കേതിക മേഖലകളിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലന പരിപാടികളും, ശില്പശാലകളും നടത്തി വരുന്നു. ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആൾട്ടർനേറ്റ് മെത്തേഡ്സ് ഓഫ് റീറ്റെയിനിംഗ് വാൾ കൺസ്ട്രക്ഷൻ, അഡ്വാൻസ്ഡ് കോൺക്രീറ്റിംഗ് മെത്തേഡ്സ്, അഡ്വാൻസ്ഡ് ബിറ്റുമിൻ വെയറിംഗ് കോഴ്സസ്, റോഡ് സേഫ്റ്റി അസസ്മെന്റ്സ് തുടങ്ങിയ പരിശീലന പരിപാടികൾ നടത്തിയിരുന്നു. |

ഡെൽഹിയിലുള്ള സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ), നാഷണൽ കൗൺസിൽ ഫോർ സിമന്റ് & ബിൽഡിംഗ് മെറ്റീരിയൽസ് (എൻ.സി.ബി) തുടങ്ങിയ സ്ഥാപനങ്ങളിൽ പൊതുമരാമത്തിലെ എഞ്ചിനീയർ മാരെ നൂതന സാങ്കേതിക വിദ്യ പരിശീലിപ്പി ക്കുന്നതിനായി പതിവായി അയയ്ക്കാറുണ്ട്. കൂടാതെ ഓരോ വർഷവും ഇൻഡ്യൻ റോഡ്സ് കോൺഗ്രസ് (ഐ.ആർ.സി) ന്റെ വാർഷിക ശില്പശാലയിൽ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ പങ്കെടുക്കുകയും റോഡ് നിർമ്മാണത്തിലെ പുതിയ ടെക്നോളജിയെ കുറിച്ച് അറിവ് നേടുകയും ചെയ്യാറുണ്ട്.

ഇതു കൂടാതെ 27.07.2018 ന് സൂര്യകാന്തി & നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് എഞ്ചിനീയേഴ്സ് കോൺഗ്രസിന്റെ 3-ാം സമ്മേളനം നടത്തുകയും ഇതിൽ 'കോൺക്രീറ്റ് പാലങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള നിലവിലെ മികച്ച മാർഗ്ഗങ്ങളും ഉപയോഗിക്കുന്ന നിർമ്മാണ ഘടകങ്ങളും' എന്ന വിഷയവും മറ്റ് ആധുനിക വിഷയങ്ങളുടെ സെമിനാറും സംഘടിപ്പിച്ചിരുന്നു.

പുതിയ നിർമ്മാണ സാമഗ്രികളുടെ ഉപയോഗത്തെക്കുറിച്ച് വിവിധ ഏജൻസികൾ എഞ്ചിനീയർമാർക്ക് വേണ്ടി ശില്പശാലകൾ സംഘടിപ്പിക്കാറുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ നടത്തുന്ന കോൺഫറൻസുകളിലും പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരെ പങ്കെടുപ്പിക്കാറുണ്ട്. ഈ വർഷം ഐ.എം.ജി കലണ്ടറിൽ പൊതുമരാമത്ത് വകുപ്പിനെ ഉൾപ്പെടുത്തുകയും 15 പരിശീലന പരിപാടികൾ ഉദ്യോഗസ്ഥർക്ക് വേണ്ടി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

എഞ്ചിനീയർമാരുടെ പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിനു വേണ്ടി എം.എസ് പ്രോജക്ട് മാനേജ്മെന്റ് പരിശീലനം, കേരള ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നടത്തി വരുന്നു. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ), നാഷണൽ കൗൺസിൽ ഫോർ സിമന്റ് & ബിൽഡിംഗ് മെറ്റീരിയൽസ് (എൻ.സി.ബി), ഇൻഡ്യൻ അക്കാഡമി ഫോർ ഹൈവേ എഞ്ചിനീയേഴ്സ് (ഐ.എ.എച്ച്.ഇ) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് പരിശീലനം നടത്തുന്നതിനുള്ള നടപടികൾ ഈ വർഷം സ്വീകരിച്ചിട്ടുണ്ട്.

ബി) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ ?

ബി) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി NRMB (Natural Rubber Modified Bitumen), ശുദ്ധീകരിച്ച വേസ്റ്റ് പ്ലാസ്റ്റിക് (ഷ്രെഡഡ് പ്ലാസ്റ്റിക്), കയർ ജിയോ ടെക്സ്റ്റൈൽ എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം നടപ്പാക്കി വരുന്നു. ഈ സാമ്പത്തിക വർഷം ഇതിനകം 82.77 കി മീ റോഡുകൾ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചു കഴിഞ്ഞു. 545.628 കി.മീ റോഡുകൾ NRMB യും ഉപയോഗിച്ച് നിർമ്മിച്ചു കഴിഞ്ഞു.

പരിസ്ഥിതിക്ക് ഇണങ്ങുന്നതും ചാരുതയാർന്നതുമായ കെട്ടിട നിർമ്മാണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി ഒരു ഹരിതനിർമ്മാണചട്ടം നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഹരിത നിർമ്മാണ തത്വങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്. വാസ്തു ശില്പവിഭാഗത്തിലെ 8 ആർക്കിടെക്റ്റുമാർ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ 'ഗൃഹ' (GRIHA) യുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടുകയും ഹരിത തത്വങ്ങൾക്കനുസൃതമായി കെട്ടിട രൂപകല്പന ചെയ്യുവാൻ വൈദഗ്ധ്യം നേടുകയും ചെയ്തിട്ടുണ്ട്. ഒരു സീനിയർ ആർക്കിടെക്റ്റ് 'ഗൃഹ' യുടെ ഇവാല്യുവേറ്റർ യോഗ്യത നേടുകയും കെട്ടിടങ്ങളെ ഹരിത തത്വങ്ങൾക്കനുസൃതമായി വിലയിരുത്തുവാൻ അർഹതയും നേടിയിട്ടുണ്ട്. ഇദ്ദേഹത്തെ ബിൽഡിംഗ് നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് നേമത്ത് പണിയുവാനുദ്ദേശിക്കുന്ന രജിസ്ട്രേഷൻ സമുച്ചയത്തിനും, പത്തനംതിട്ട കളക്ടറുടെ ഔദ്യോഗിക വസതിക്കും ഗൃഹയുടെ റേറ്റിംഗ് ലഭിക്കുന്നതിലേയ്ക്കായി പ്രാരംഭ രജിസ്ട്രേഷൻ നടത്തി കഴിഞ്ഞു.

ഇപ്പോൾ രൂപകൽപന ചെയ്തുവരുന്ന കെട്ടിടങ്ങൾ കാലാനുസൃതമായ രൂപഭംഗിയുള്ളതും നിർമ്മാണ വേളകളിൽ കൃത്യമായ മേൽനോട്ടം വഹിക്കുന്നതുമൂലം ഗുണനിലവാരം പുലർത്തുന്നവയുമാണ്.

സെക്ഷൻ ഓഫീസർ